**മധുരമായ കുട്ടികളേ, ചുവടു ചുവട് ബാബയുടെ ശ്രീമതത്തിലൂടെ നടക്കണം, ബാബയുടെ ശിക്ഷണങ്ങളെ ധാരണ ചെയ്യണം, ഇതു തന്നെയാണ് അവനവനു മേൽ കൃപ കാണിക്കുക.**

**ചോദ്യം –** ബച്ചുരാജാവും പീരുമന്ത്രിയും ഇപ്പോൾ ഓരോരുത്തർക്കും ഒപ്പമുണ്ട്, എങ്ങനെ?
**ഉത്തരം –** ബച്ചുരാജാവ് കാമ വികാരമാണ് പീരുമന്ത്രിയാണ് ക്രോധം . രണ്ടു പേർക്കും പരസ്പരം വളരെ ആഴമാർന്ന ബന്ധമാണ് . എല്ലാ മനുഷ്യരും ഈ സമയം ഈ രണ്ടിനും വശീഭൂതരാണ്. അഥവാ ആരെങ്കിലും ബാബയുടെ കുട്ടിയാണെന്ന് പറഞ്ഞ് പിന്നെ കാമത്തിനോ ക്രോധത്തിനോ വശപ്പെട്ടാൽ ബാബയുടെ നിന്ദകനാകുന്നു. നിന്ദകരായ കുട്ടികൾ തന്റെ ഭാഗ്യത്തിനു കുറുകെ വരക്കുകയാണ്. ബാബ പറയുന്നു മധുരമായ കുട്ടികളെ, ഈ ശത്രുക്കളെ ജയിക്കൂ. ക്രോധത്തെ കുറിച്ച് പറയാറുണ്ട് – എവിടെയാണോ ക്രോധമുള്ളത് അവിടെ കുടത്തിലെ വെള്ളം പോലും വറ്റി പോകും.

**ഗീതം –** കുട്ടിക്കാലത്തെ ദിനങ്ങൾ മറക്കരുത്..........

ഓം ശാന്തി. കുട്ടികൾക്ക് അറിയാമോ ഈ സഭയിലേക്ക് ആരാണ് വന്നിരിക്കുന്നത്? ബാബയും ദാദയും ഒരുമിച്ച് വന്നിരിക്കുകയാണ്. സാകാരത്തിലാണെങ്കിൽ ആണെങ്കിൽ അച്ഛൻ വേറെയും മുത്തച്ഛൻ വേറെയുമായിരിക്കും. ഇതാണ് അത്ഭുതകരമായ അടയാളം. ആരാണ് വന്നിരിക്കുന്നത്? ശിവബാബയാണ് വന്നിരിക്കുന്നത് എന്നത് കുട്ടികളുടെ ബുദ്ധി പറയുന്നു. സ്വർഗ്ഗത്തിന്റെ രചയിതാവ് ഒരു ബാബയാണ്, രണ്ടുപേരല്ല. അതെ, തീർച്ചയായും സഹായിയെ ലഭിക്കുന്നു. ബാബയും കുട്ടികളും – രണ്ടു പേരിലൂടെയുമാണ് കാര്യങ്ങൾ നടക്കുന്നത്. ബലിയർപ്പണം ബാബയുടേതാണ്, അതോടൊപ്പം ബലിയർപ്പണം കുട്ടികളുടേതുമാണ്. ആ ദാദയും കുട്ടിയാണല്ലോ. ഇവിടെ നിങ്ങൾ ക്ലാസ്സിലേക്കാണ് വന്നിരിക്കുന്നത്. സഭ എന്ന ശബ്ദവും സാധാരണമാണ്. സഭകളെല്ലാം ധാരാളം ഉണ്ട്, ഇത് ഭഗവാന്റെ പാഠശാലയാണ്. ഈ ജ്ഞാനം കേട്ട് ഇതിന്റെ ധാരണ ചെയ്യുന്നുണ്ടോ എന്നതും എല്ലാ ഭാഗത്തും നോക്കുന്നുണ്ട്, ചിലരുടെ മുഖം വിടരുന്നുണ്ട്. കേട്ട് കേട്ട് സന്തോഷത്തിന്റെ അളവ് വർദ്ധിക്കാറുണ്ട്. പരിധിയുള്ള അച്ഛനും ടീച്ചറും ഗുരുവും ഉണ്ടാകുമല്ലോ. ഇത് പരിധിയില്ലാത്ത അച്ഛനും ടീച്ചറുമാണ്. ആ ബാബ നിങ്ങളെ പഠിപ്പിക്കുകയാണ് എന്ന് ഓർമ്മിച്ചാൽ തന്നെ നിങ്ങളുടെ സന്തോഷത്തിന്റെ അളവ് വർദ്ധിക്കണം. ധാരാളം കുട്ടികളും ഉണ്ടല്ലോ. ശിവഭഗവാനുവാച അഥവാ ശിവാചാര്യൻ എന്നും പറയാം. ബാബ ജ്ഞാന സാഗരനാണ്. ശിവാചാര്യൻ വന്നതിനു ശേഷമാണ് ശങ്കരാചാര്യർ വരുന്നത്. രണ്ടു പ്രകാരത്തിലുള്ള സന്യാസമുണ്ട്. ഇത് സതോപ്രധാനമായ ദേവി ദേവതയായി മാറുന്നതിനുള്ള സന്യാസമാണ്. സഹജ യോഗമാണ്. നിങ്ങൾക്ക് അറിയാം ബാബ ഈ ദാദയുടെ ശരീരത്തിലേക്ക് വന്നിരിക്കുകയാണ്, അതുകൊണ്ടാണ് ബാപ്ദാദ എന്ന് പറയുന്നത്. പേരക്കുട്ടികളാകുകയാണല്ലോ. അവിടെയാണെങ്കിൽ സാകാരത്തിലെ അച്ഛനാണ് മുത്തച്ഛനാവുന്നതും, മുതുമുത്തച്ഛനാകുന്നതും. ഇവിടെയാണെങ്കിൽ നിരാകാരനായ മുത്തച്ഛനാണ് ഉള്ളത്. ബാബ ഈ ശരീരത്തിലേക്ക് പ്രവേശിച്ചിട്ടാണ് നിങ്ങൾക്ക് കേൾപ്പിച്ചു തന്നുകൊണ്ടിരിക്കുന്നത്. ആരെല്ലാം ബ്രാഹ്മണ കുലത്തിലാകുന്നോ അവർ ഈശ്വരീയ സന്താനങ്ങളാണ്. പറയുന്നുണ്ട് അല്ലയോ പരംപിതാ പരമാത്മാവേ ഞങ്ങൾ അങ്ങയുടേതായിരുന്നു പിന്നീട് 84 ജന്മങ്ങളുടെ പാർട്ട് അഭിയിച്ചു. എത്ര സഹജമായ കാര്യമാണ്. ലൗകികത്തിലും ബാബക്ക് 5-7 കുട്ടികളുണ്ടാകും അതിൽ ഒന്നോ രണ്ടോ പേർ കുപുത്രരായി മാറുന്നു. ഈ അച്ഛന് എത്ര കുട്ടികളാണ്, അപ്പോൾ എത്ര കുപുത്രൻമാരും സത്പുത്രൻമാരും ഉണ്ടാകും. ചിലരിൽ കാമം പ്രവേശിച്ചിട്ടുണ്ടാകും, ചിലരിൽ ക്രോധം പ്രവേശിച്ചിട്ടുണ്ടാകും. വീട്ടിൽ ആരിലെങ്കിലും ക്രോധത്തിന്റെ ഭൂതം ഉണ്ടെങ്കിൽ അവിടെ കലഹമുണ്ടാകുന്നു.. ക്രോധി വീടിനെ വളരെ ദു:ഖം നിറഞ്ഞതാക്കി മാറ്റും.. ഇവിടെയും ആരിലെങ്കിലും ക്രോധത്തിന്റെ ഭൂതം ഉണ്ടെങ്കിൽ അവർ ശിവബാബയുടെ നിന്ദകരാണല്ലോ. ബാബയുടെ പേരിനെ മോശമാക്കുക അർത്ഥം തന്റെ ഭാഗ്യത്തിൽ കുറുകെ വരക്കുകയാണ്. ക്രോധം വളരെ വലിയ ശത്രുവാണ്. എവിടെ ക്രോധമുണ്ടോ, കലഹ ക്ലേശമുണ്ടോ അതിനെ നരകം എന്നാണ് പറയാറുള്ളത്. പറയാറുണ്ട് ക്രോധം വീട്ടിലെ കുടത്തിലെ വെള്ളം പോലും വറ്റിക്കും. അതിനാൽ ബാബ മനസ്സിലാക്കി തരുകയാണ് ആരിലാണോ ക്രോധം ഉള്ളത് അവർക്ക് ശ്രീമതം നൽകുന്നു ക്രോധത്തിന് അടിപ്പെട്ട് ആരേയും ദുഖിപ്പിക്കരുത്, ഇല്ലെങ്കിൽ ഭാഗ്യത്തിൽ കുറുകെ വരക്കുകയാണ്. പദവി ഭ്രഷ്ടമാകും. ഈശ്വരീയ സന്താനത്തിന് പകരം ആസുരീയ സന്താനമാകും. എഴുതണം ദൈവീക രാജവംശമാണ് നിങ്ങളുടെ ഈശ്വരീയപിതാവിൽ നിന്നുള്ള ജന്മസിദ്ധ അധികാരം. സത്യയുഗത്തിലെ പൂർണ്ണമായ സമ്പത്ത് നേടാനുള്ള അവകാശം നിങ്ങൾക്ക് ഉണ്ട്. പൂർണ്ണമായ സമ്പത്ത് എടുത്ത് ലക്ഷ്മി

നാരായണനാകണം. അഥവാ ആരെങ്കിലും സ്വർഗ്ഗത്തിൽ പ്രജയെങ്കിലും ആയാൽ അഹോ സൗഭാഗ്യമായിരിക്കും. വരുമെന്നത് ശരിയാണല്ലോ. പതുക്കെ പതുക്കെയാണ് സ്ഥാപന നടന്നുകൊണ്ടിരിക്കുന്നത്. പിന്നെ അവരെ കൊണ്ട് പ്രതിജ്ഞയും ചെയ്യിപ്പിക്കുന്നു. കങ്കണം ബന്ധിപ്പിക്കുന്നു. ആർക്കും ഒളിഞ്ഞിരിക്കുകയില്ല.

ഇപ്പോൾ നിങ്ങൾ ബ്രാഹ്മണർ ഈശ്വരീയ സന്താനങ്ങളാണ്. ബാബ ചോദിക്കുകയാണ് നിങ്ങളുടെ കുലമാണോ വലുത് അതോ ദൈവീക കുലമാണോ വലുത്? ഉയർന്നത് ഏതാണ്? (ബ്രാഹ്മണരുടെ) നമ്മൾ ദേവതകളെ പോലും ഇത്ര ഉയർന്നവരാണെന്ന് പറയുന്നില്ല. ഈശ്വരീയ കുലത്തിൽ ഉള്ളവർ ബ്രാഹ്മണരാണ്, ഈ ഭാരതത്തെ സ്വർഗ്ഗമാക്കുകയാണ്. ബ്രാഹ്മണരെ കുടുമി എന്നാണ് പറയാറുള്ളത്. വാസ്തവത്തിൽ ഉയർന്ന പർവ്വതത്തിന്റെ മുകളിലായിരിക്കണം ശിവന്റെ ക്ഷേത്രം പണിയാൻ. എന്നാൽ ഇന്നുകാലത്ത് അവിടെ ചെന്നെത്താൻ കഴിയാത്തത് കൊണ്ട് മനുഷ്യർ പട്ടണത്തിൽ തന്നെ നിർമ്മിക്കുകയാണ്. ഉയർന്നതിലും ഉയർന്നത് ശിവബാബ ആണെങ്കിൽ ബാബയുടെ ക്ഷേത്രവും വളരെ ഉയർന്ന കൊടുമുടിയിലാകണം. ഇപ്പോൾ നോക്കൂ ലോകത്തിന്റെ അവസ്ഥ എന്തായിരിക്കുന്നു. എല്ലാം നശിച്ചിരിക്കുന്നു. ബാബ വന്ന് എല്ലാം നേരെയാക്കുകയാണ്. സംഗമയുഗത്തിൽ നിങ്ങൾ എല്ലാവരും നന്നാകുകയാണ്. പൂർണ്ണമായും 63 ജന്മങ്ങളിൽ നരകവാസിയായി മാറി. കൃത്യമായ കണക്കാണ്. 21 ജന്മം നിങ്ങൾ സ്വർഗ്ഗത്തിൽ രാജ്യം ഭരിച്ചു പിന്നെ 63 ജന്മങ്ങളിൽ താഴേക്ക് വീഴുകയാണ് ചെയ്തത്. കലകൾ കുറഞ്ഞ് വന്നു. ഇപ്പോഴാണെങ്കിൽ ഒരു കലയും ഇല്ല. ഇപ്പോൾ അഴുക്കിലാണ്. കഥയുണ്ടല്ലോ – നൂറ് നൂറായി അലങ്കരിക്കൂ..ഇത് ഈ സമയത്തെ കഥയാണ്. ബാബ പറയുന്നു ഞാൻ നിങ്ങളെ അലങ്കരിക്കുകയാണ് ഇതിലൂടെ നിങ്ങൾ ലക്ഷ്മി നാരായണനാകും പിന്നീട് വികാരത്തിന്റെ മണ്ണിൽ വീഴും. ക്രോധത്തിന്റെ അഴുക്ക് വളരെ ബുദ്ധിമുട്ടിക്കുന്നുണ്ട്, ധാരാളം പേർ ക്രോധിയാണ്. ഹിംസ ചെയ്യുന്നതും ക്രോധമാണല്ലോ. ക്രോധമില്ലാതെ കയറിപ്പോകാനേ ആവുന്നില്ല. സ്വത്തിന്റെ പങ്ക് ലഭിച്ചിട്ടില്ലെങ്കിൽ, ദേഷ്യം വന്നാൽ സഹോദരനെ പോലും കൊല്ലും. ഈ യുദ്ധമെല്ലാം ക്രോധത്തിൽ നിന്നാണ് ആരംഭിക്കുന്നത്. ബാബ മനസ്സിലാക്കി തരുകയാണ് ഓമനയായ കുട്ടികളേ ക്രോധിക്കരുത്, ഇല്ലെങ്കിൽ ഭാഗ്യത്തിൽ വര വീഴും ഒപ്പമുള്ളവരുടെയും ഭാഗ്യത്തിൽ കുറുകെ വരക്കും. ക്രോധത്തിലേക്ക് വന്ന് പറയുന്നു വീട്ടിലേക്ക് വന്നാൽ കൊന്നുകളയും.

ഇപ്പോൾ ബാബ നിങ്ങൾ മാതാക്കളെയാണ് മുന്നിൽ വെച്ചിരിക്കുന്നത്. നിങ്ങൾക്ക് അറിയാം കല്പകല്പം നമ്മൾ ശിവശക്തികളാകും. ശിവബാബ വന്ന് നമ്മളെ സ്വന്തമാക്കി. നിങ്ങൾ കുട്ടികൾ ഇല്ലെങ്കിൽ ബാബ ഒറ്റയ്ക്ക് എന്താണ് ചെയ്യുക.നിങ്ങൾ ശിവശക്തികൾ ഭാരതത്തിൽ പ്രശസ്തമാണ്. സ്വന്തം ഓർമ്മചിഹ്നമായ ക്ഷേത്രം കണ്ടിട്ടില്ലെങ്കിൽ ആബുവിൽ വന്ന് കാണണം. എല്ലായ്പോഴും നിങ്ങളുടെ ഓർമ്മചിഹ്നമാണ്. ആനപുറത്ത് സവാരി ചെയ്യുന്നവരുടെ ചിത്രമുണ്ടല്ലോ. നിങ്ങൾ വന്ന് താമസിക്കുന്നതും ഇവിടെ തന്നെയാണ് ഇത് അത്ഭുതമാണല്ലോ.ശിവജയന്തി ആചരിക്കുന്നുവെങ്കിൽ തീർച്ചയായും വന്നിട്ടുണ്ടാകുമല്ലോ. എപ്പോൾ, എങ്ങനെ വന്നു അറിയാമോ? ആരാണോ ഭാരതത്തെ വജ്രതുല്യമാക്കി മാറ്റിയത്, ആ ബാബയുടെ കർത്തവ്യത്തെ കുറിച്ച് ഒന്നും അറിയില്ല! ദേവതകൾ തന്നെയാണ് ആദ്യം ബ്രാഹ്മണരായിരുന്നത് അവർ പിന്നീട് വജ്ര സമാനമായി മാറുന്നു, ഏത് ബ്രാഹ്മണരാണോ സഹായം ചെയ്തത് അവരാണ് ദേവതകളാകുന്നത്. നിങ്ങൾക്ക് എല്ലാവരുടേയും കർത്തവ്യത്തെ കുറിച്ച് പറഞ്ഞു കൊടുക്കാൻ സാധിക്കും. പക്ഷെ വളരെ കുറച്ചു പേരാണ് ഇതെല്ലാം മനസ്സിലാക്കുക എന്തുകൊണ്ടെന്നാൽ രാജധാനിയിലും ചുരുക്കമാണല്ലോ, അതുകൊണ്ടാണ് കോടിയിൽ ചിലർ എന്ന് പറയുന്നത്. മമ്മാ ബാബാ എന്ന് പറഞ്ഞിട്ടും മറന്നു പോകുന്നു. അഹോ മായാ നീ എത്ര ശക്തിശാലിയാണ്. ഇതെല്ലാം നടക്കും. വലിയ വലിയ കമാൻഡർമാർ പോലും മരിക്കുന്നുണ്ട്, വെടി കൊള്ളുന്നുണ്ട്. എത്ര സൈനികരാണ് മരിക്കുന്നത്. എപ്പോഴാണോ വലിയവർ മരിക്കുന്നത് അപ്പോൾ നിലവിളി ആയിരിക്കും. ശിവശക്തിസേനയിലെ ഇന്നയാളെ മായ അടിച്ചു വീഴ്ത്തി. ഇത് വീണ്ടും നടക്കാനുള്ളതാണ്. കാലാൾ മരിക്കുകയാണെങ്കിൽ ഇത്രയും ചിന്തയില്ല. മഹാരഥിയാണെങ്കിൽ പറയും അയ്യോ മായ അവരെ വീഴ്ത്തി എന്ന്. പക്ഷേ സ്വർഗ്ഗത്തിലേക്ക് വരില്ല എന്നല്ല. വന്നാലും പക്ഷെ പദവി ഭ്രഷ്ടമാകും അതുകൊണ്ടാണ് ബാബ പറയുന്നത് ആ വരിയിലേക്ക് വരരുത്. കല്പം മുമ്പ് ആരെല്ലാം പോയിട്ടുണ്ടോ അവരെല്ലാം പോകും. കത്തെഴുതുന്നുണ്ട് ഇവർ നാലു വർഷം തുടർന്നു വന്നുകൊണ്ടിരിക്കുകയായിരുന്നു പിന്നെ മായ പിടിച്ചു. ഏതുപോലെയാണോ ഈച്ച മരിച്ചാൽ ഉറുമ്പുകൾ മുഴുവനായും കഴിക്കും. മായയുടെ 5 ഭൂതങ്ങൾ അവരുടെ സത്യനാശം ചെയ്യും.

ഇപ്പോൾ നിങ്ങൾ കുട്ടികൾ എല്ലാവരുടേയും കർത്തവ്യത്തെ അറിഞ്ഞു കഴിഞ്ഞു. ഇസ്ലാമി, ബുദ്ധമതം, ക്രിസ്ത്യൻസ് എത്ര ജന്മങ്ങളാണ് എടുക്കുന്നത്, അതും നിങ്ങൾക്ക് അറിയാം. ബുദ്ധിയുടെ പൂട്ട് എത്ര തുറന്നു, ജ്ഞാനത്തിന്റെ മൂന്നാമത്തെ നേത്രം വിരളമാണ് നേടുന്നത്. ബാബ പറയുന്നു– ഗീതയാണ്

മുഖ്യം. ബാക്കി എല്ലാം ഇതിന്റെ പേരമക്കളാണ്. ഗീതയാണ് അമ്മയും അച്ഛനും. അമ്മ ഗീതയാണെങ്കിൽ അച്ഛൻ ശിവനാണ്.നമ്മൾ അവരിലൂടെ ജനിക്കുന്നു. മറ്റു ശാസ്ത്രങ്ങളും ഉണ്ടായതും ഇതിൽ നിന്നാണ്. ആത്മാക്കളുടെയെല്ലാം തലവൻ ശിവബാബ ഏറ്റവും മുകളിലാണ്, എന്നപോലെ സർവ്വ ശാസ്ത്രങ്ങൾക്കും മുകളിലാണ് സർവ്വ ശാസ്ത്രമയി ശിരോമണി ശ്രീമദ്ഭഗവദ്ഗീതാ. കേവലം കൃഷ്ണൻ എന്ന പേര് എഴുതിയതിലൂടെ മുഴുവൻ ഗീതയുടെ പ്രഭാവവും ഇല്ലാതായി. ഇതും ഡ്രാമയിൽ ഉള്ളതാണ് മുഖ്യമായ കാര്യമാണ് നിരന്തരം ശിവബാബയെ ഓർമ്മിച്ചു കൊണ്ടിരിക്കണം. ആരാണോ ബാബയുടെ ശ്രീമത്തിലൂടെ പൂർണ്ണമായും നടക്കുന്നത്, അവരുടെ ഓർമ്മയുടെ യാത്രയും വർദ്ധിച്ചു കൊണ്ടിരിക്കും. എത്രത്തോളം ആജ്ഞാകാരിയും വിശ്വസ്തനും ആയിരിക്കുമോ, അവർ പറയും ബാബ ഞങ്ങൾ അങ്ങയിൽ ബലിയർപ്പണമാകുന്നു. ദേഹസഹിതം എല്ലാം മറന്ന് ഒറ്റയ്ക്കാകണം. അത്രത്തോളം സന്യാസം ചെയ്യണം. ബന്ധനമുക്തരായ ധാരാളം കുട്ടികളും ഉണ്ട്. വരുന്നുണ്ടെങ്കിലും മോഹത്തിന്റെ കീടത്തെ പോലെ ആയിരിക്കും. ഭർത്താവിനോടോ കുട്ടികളോടോ മോഹമുണ്ടെങ്കിൽ ബുദ്ധിയോഗം ബാബയുടെ കൂടെ വെക്കാൻ സാധിക്കില്ല. സത്യമായ ഹൃദയത്തോടെ ബാബയുടെ മേൽ ബലിയർപ്പണമാകാത്തിടത്തോളം. പൊങ്ങച്ചം എത്ര പറഞ്ഞാലും ഇതിൽ പൂർണ്ണമായ ബലിയർപ്പണം ആവശ്യമാണ്. പൂർണ്ണമായും സൂക്ഷിപ്പുകാരനായി മാറണം. ഓരോ ചുവടിലും ശ്രീമത്ത് പാലിക്കണം. എത്രയോ കുട്ടികൾ തന്റെ കണക്കുപുസ്തകം ബാബക്കു അയക്കാറുണ്ട്. പിന്നെ വിവാഹം കഴിപ്പിച്ചോട്ടെ, വീട് നിർമ്മിച്ചോട്ടെ എന്നെല്ലാം ചോദിക്കുന്നുണ്ട്. ബാബ പറയും വേണമെങ്കിൽ നിർമ്മിച്ചോളൂ. ബാബ ഒരിക്കലും വേണ്ടെന്ന് പറയില്ല. എപ്പോഴാണോ നഷ്ടോമോഹയായി മാറുന്നത് പിന്നെ ചോദിക്കേണ്ട കാര്യവുമില്ല. അതിന്റെ അർത്ഥം ഇതല്ല ആരെങ്കിലും വികാരത്തിലേക്ക് പോകട്ടെ എന്ന് ചോദിച്ചാൽ ബാബ ശരി എന്നു പറയുക. ഇല്ല, ഇതിനെ വിഡ്ഢിത്തം എന്ന് പറയില്ല. ബാക്കി ബുദ്ധിമുട്ട് ഉണ്ടാക്കാത്ത കാര്യമാണെങ്കിൽ ചെയ്തോളൂ. നഷ്ടോമോഹയാകണം, പിന്നെ എന്ത് ആഗ്രഹിക്കുന്നോ അത് ചെയ്തോളൂ. ബാബയ്ക്കറിയാം നിങ്ങൾ സേവനത്തിൽ തല്പരരാകും, ബാബയെ അനുകരിച്ചു കൊണ്ടിരിക്കും. ഈ പഴയ കുട്ടികളെല്ലാം ബലിയർപ്പണം ചെയ്തവരാണല്ലോ. ബലിയർപ്പണത്തിനും മഹിമയുണ്ട്. എന്നാൽ എല്ലാവരും ദരിദ്രർ തന്നെയാണ്. മാതാക്കൾ വളരെ ദരിദ്രരാണ് – ഇവർക്ക് എന്ത് ബലിയർപ്പിക്കാൻ ഉണ്ടാകും. ധനവാൻമാർക്ക് ബലിയർപ്പിക്കാൻ ഉണ്ടാകും. സ്ത്രീക്ക് ഒന്നും കൊടുക്കാറില്ല. വിരളം ചിലർ തന്റെ സ്ത്രീയുടെ പേരിൽ വിൽ എഴുതി വെക്കാറുണ്ട്. ഇല്ലെങ്കിൽ മക്കൾ എല്ലാം തട്ടിപറിക്കും. ഇന്നു കാലത്ത് ആരും ഒന്നും പറഞ്ഞാൽ കേൾക്കാറില്ല, രണ്ടു രൂപ തരൂ, കാര്യം കഴിഞ്ഞല്ലോ.  തെറ്റായ വിധിനിർണ്ണയം എടുത്ത് മറ്റുള്ളവരുടെ ജീവിതത്തിന്റെ തോണിയെ കേടു വരുത്തിയാലും അവർക്ക് കുഴപ്പമില്ല. ബാബയെ കുറിച്ച് പറയുന്നത് ബാബ പരമമായ വിധികർത്താവാണ്, പരമമായ അധ്യാപകനാണ്, പരമമായ സദ്ഗുരുവാണ്. പിന്നെ പരമമായ ധർമ്മരാജൻ കൂടിയാണ്. ബാബയുടെ വിധികൽപന ഒരിക്കലും താഴേക്കോ മുകളിലേക്കോ പോകാറില്ല. ഈ ഡ്രാമയിൽ ഇങ്ങനെ അടങ്ങിയിട്ടില്ല. ബാക്കി ഇവിടെ ഓരോരുത്തരുടെ മുകളിലും ധാരാളം കോടതികളാണ്. ചില ചിലയിടത്ത് പ്രസിഡന്റിന്റെ തീരുമാനം പോലും നടക്കില്ല. ബാബ പറയുന്നു ഓമനയായ കുട്ടീ – അശരീരി ആകണം. ബാബയോടൊപ്പം പോകണം. ബാബ വഴികാട്ടിയല്ലേ. മുക്തിദാതാവാണ്. എല്ലാപേരും ബാബയുടേതാണ്. ശാന്തി സ്ഥാപകനും ബാബയാണ്. ഇന്നു കാലത്ത് ശാന്തി സ്ഥാപിച്ചു എന്ന് പറഞ്ഞ് പുരസ്ക്കാരമെല്ലാം കൊടുക്കാറുണ്ടല്ലോ. മായയാണ് നിങ്ങളെ അശാന്തരാക്കിയത്. സത്യയുഗത്തിൽ അഥവാ മുക്തിധാമത്തിൽ ശാന്തി ഉണ്ടായിരുന്നു. നിർവ്വാണ ധാമത്തിലാണെങ്കിൽ തീർത്തും ശാന്തിയാണ്. സത്യയുഗത്തിൽ 100 ശതമാനം ശാന്തി, പവിത്രത, സമ്പന്നതയും ഉണ്ടായിരുന്നു. പേര് തന്നെ സുഖധാമം എന്നാണല്ലോ. ദുഖധാമത്തിൽ പിന്നെ എവിടെ നിന്നാണ് ശാന്തി വരുന്നത്. സന്യാസിമാർക്ക് കുറച്ചെങ്കിലും ശാന്തിയുണ്ട്. പക്ഷെ അത് താല്കാലികമാണ്. സത്യയുഗത്തിൽ അങ്ങനെ പറയില്ല. ഇവിടെ രാജ്യം തന്നെ ഒരു മൂല്യവും ഇല്ലാത്തതായി.

ബാബ മനസ്സിലാക്കി തരുകയാണ് – മായ വളരെ അടി തരും. ഉള്ളിൽ കുത്തിക്കൊണ്ടിരിക്കും. സത്യം പറയില്ല. അവിനാശി സർജന്റെ മുന്നിൽ പറയണമല്ലോ. ഇല്ലെങ്കിൽ പാപം വർദ്ധിക്കും. പിന്നെ വലിയ ശിക്ഷയും അനുഭവിക്കേണ്ടി വരും. സത്യം പറയുന്നില്ല. ശരി ഇനി പാപം ചെയ്യില്ല എന്നെല്ലാം പറയും. പേര് മോശമാക്കുന്നതിന് വളരെ കടുത്ത ശിക്ഷ അനുഭവിക്കേണ്ടി വരും. സ്വർഗ്ഗത്തിന്റെ അധികാരിയാക്കുന്നതിനാണ് ബാബ വന്നിരിക്കുന്നത്. ഇതിൽ ആരാണോ വിഘ്നം ഉണ്ടാക്കുന്നത് അവർ ശിക്ഷക്ക് യോഗ്യരായി മാറും. അസുരൻമാർ വിഘ്നമിടും. നിങ്ങൾ കുട്ടികൾ വിഘ്നമിടരുത്. ഇതിലാണ് നിങ്ങൾ കുട്ടികളുടെ മംഗളം. ക്രോധിയുടെ മുഖം നോക്കുന്നത് പോലും പാപമാണ്. വ്യർത്ഥം കേൾക്കരുത്, ക്രോധിയുടെ മുഖം പോലും നോക്കരുത്. ലോഭവും മോഹവും ചെറുതല്ല. ബച്ചുരാജാവാണ് കാമം, ക്രോധം പീരുമന്ത്രിയുമാണ്. ഇത് രണ്ടും വലിയ കള്ളന്മാരാണ്. ആരാണോ ബാബയിൽ നിന്നും പൂർണ്ണമായ സമ്പത്ത് നേടി പേര് പ്രശസ്തമാക്കുന്നത് അവരാണ് ബാബയുടെ സത്പുത്രർ. ബ്രഹ്മാബാബ പറയുന്നു ഈ പെൺകു

ട്ടികൾ എന്നെക്കാളും ബുദ്ധിശാലികളാണ്. ശിവബാബയെക്കാൾ ബുദ്ധിശാലിയാകാൻ ആർക്കും സാധിക്കില്ല. ബാബ കുട്ടികളെ തന്റെ ശിരസ്സോളം ഉയർത്തുകയാണ്. കുട്ടികളെ പ്രതി പരിധിയില്ലാത്ത ബാപ്ദാദക്ക് വളരെയധികം സ്നേഹവും ബഹുമാനവുമുണ്ട്. ബാബ ആഗ്രഹിക്കുന്നുണ്ട് ഓരോ കുട്ടിയും തന്റെ രാജ്യഭാഗ്യം നേടണം. സദാ സുഖിയായി കഴിയണം. ബാബ പറയും കുട്ടി നന്നായി ജീവിക്കട്ടെ. ആയുഷ്മാൻ ഭവ: ബാബ എന്ത് ശിക്ഷണമാണോ നൽകുന്നത് ഇത് ധാരണ ചെയ്യുന്നതിന് തന്റെ മേൽ കൃപ കാണിക്കണം. ശ്രീമത്തിലൂടെ നടക്കുന്നില്ലെങ്കിൽ ഭാഗ്യത്തിൽ വര വരക്കുകയാണ്. നിങ്ങൾക്ക് അറിയാം ആര് എത്രത്തോളം പുരുഷാർത്ഥം ചെയ്യുന്നുണ്ടോ അതിന് അനുസരിച്ച് സ്വർഗ്ഗത്തിന്റെ സമ്പത്ത് നൽകുന്നതിനാണ് ബാബ വന്നിരിക്കുന്നത്. എത്രത്തോളം തന്റെ മുകളിൽ കൃപ ചൊരിയുന്നോ അത്രത്തോളം സ്വയത്തെ ഉയർന്നവരാക്കാം. വികാരത്തിൽ പോയി അർത്ഥം ദീപം അണഞ്ഞു പോയി. പിന്നെ ജ്ഞാനാമൃതം ധാരണയാകില്ല.ശരി.

വളരെക്കാലത്തെ വേർപാടിനുശേഷം തിരികെക്കിട്ടിയ മധുര മധുരമായ സന്താനങ്ങൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹ സ്മരണകളും പുലർകാല വന്ദനവും. ആത്മീയ പിതാവിന്റെ ആത്മീയ കുട്ടികൾക്ക് നമസ്ക്കാരം.

### ധാരണയ്ക്കുള്ള മുഖ്യ സാരം:-

1) ഹൃദയം കൊണ്ട് പ്രഭുവിൽ പൂർണ്ണമായും ബലിയർപ്പണമാകണം. പൂർണ്ണമായ സൂക്ഷിപ്പുകാരനായി മാറി ഓരോ ചുവടിലും ശ്രീമത്തിലൂടെ നടക്കണം. ദേഹസഹിതം എല്ലാം മറന്ന് ഒറ്റയ്ക്കാകണം

2) കുട്ടിയായതിനു ശേഷം ബാബയുടെ കാര്യത്തിൽ വിഘ്നം ഉണ്ടാക്കരുത്. പേര് മോശമാക്കുന്ന കാര്യം ചെയ്യരുത്. ആജ്ഞാകാരിയും, വിശ്വസ്തരുമായി മാറണം.

## വരദാനം:- സമയത്തെയും അന്തരീക്ഷത്തെയും തിരിച്ചറിഞ്ഞ് സ്വയം പരിവർത്തനപ്പെടുത്തുന്നവരായ സർവരുടെ സ്നേഹിയായി ഭവിക്കട്ടെ.

ആരിലാണോ പരിവർത്തനശക്തിയുള്ളത് അവർ സർവരുടെയും സ്നേഹിയാകുന്നു, അവർ വിചാരങ്ങളിലും സഹജമായിരിക്കും. അവരിൽ വഴങ്ങുന്നതിനുള്ള ശക്തിയുണ്ടായിരിക്കും. അവർ ഒരിക്കലും ഇങ്ങനെ പറയുകയില്ല എന്റെ വിചാരം, എന്റെ പദ്ധതി, എന്റെ സേവനം, ഇത്ര നല്ലതായിട്ടും എന്റെ കാര്യത്തെ എന്തേ അംഗീകരിച്ചില്ല. ഈ എന്റേത് വന്നുവെങ്കിൽ കലർപ്പുണ്ടായി. അതിനാൽ സമയത്തെയും അന്തരീക്ഷത്തെയും തിരിച്ചറിഞ്ഞ് സ്വയം പരിവർത്തനപ്പെടുത്തിക്കോളൂ- അപ്പോൾ സർവരുടെ സ്നേഹി, നമ്പർവൺ വിജയി ആയി മാറും.

### സ്ലോഗൻ:- സമസ്യകളെ അകറ്റുന്നവരാകൂ സമസ്യാസ്വരൂപരല്ല